# കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട്

പേഴ്സണല് ഡിപ്പാർട്ട്മെന്റ്
വൈദ്യുതി ഭവനം,പട്ടം
തിരുവനന്തപുരം

ടെലിഫോൺ - 0471 2514527, 2514608
ഇ മെയിൽ - pokseb@gmail.com.

KSEBL/SEC/PD/341/2024-S7 തീയതി: 10.06.2026

## പരിപത്രം

തൊഴിലാളി ക്ഷേമനിധിയുടെ സാമ്പത്തിക ഭദ്രത വിലയിരുത്തുന്നതിനായി തൊഴിലാളി സംഘടനകളുടെയും ഓഫീസർ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി, സെക്രട്ടറി, KSEB Employees Welfare Fund ചെയർമാനായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചിരുന്നു. ക്ഷേമനിധിയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയും ഭാവി ബാധ്യതകളും വിലയിരുത്തിയ സബ് കമ്മിറ്റി മാസവരിയിലും വിവിധ ആനുകൂല്യങ്ങളിലും വർദ്ധനവ് ശുപാർശ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

സബ് കമ്മിറ്റിയുടെ ശുപാർശകൾ ചുവടെ ചേർക്കുന്നു:

<table>
<tr><th>ക്രമ നമ്പർ</th><th>ഇനം</th><th>നിലവിലെ നിരക്ക്</th><th>സബ് കമ്മിറ്റിയുടെ നിർദ്ദേശം</th></tr>
<tr><td>1</td><td>മാസവരി (ജീവനക്കാരുടെ വിഹിതം)</td><td>₹500/-</td><td>₹725/-</td></tr>
<tr><td>2</td><td>മാസവരി (ബോർഡ് വിഹിതം)</td><td>₹100/-</td><td>₹175/-</td></tr>
<tr><td>3</td><td>വിരമിക്കൽ ആനുകൂല്യം</td><td>₹7,200/-</td><td>₹10,440/-</td></tr>
<tr><td>4</td><td>അപകട മരണാനന്തര ആനുകൂല്യം</td><td>₹12,00,000/-</td><td>₹14,00,000/-</td></tr>
<tr><td>5</td><td>സാധാരണ മരണാനന്തര ആനുകൂല്യം</td><td>₹12,00,000/-</td><td>₹13,00,000/-</td></tr>
<tr><td rowspan="2">6</td><td>ഡിസേബിൾമെന്റ് ബെനഫിറ്റ് (50 വയസ്സിനു താഴെ)</td><td>₹4,00,000/-</td><td rowspan="2">₹5,00,000/-</td></tr>
<tr><td>ഡിസേബിൾമെന്റ് ബെനഫിറ്റ് (50 വയസ്സും അതിനുമുകളിൽ)</td><td>₹3,50,000/-</td></tr>
</table>

മുൻ ഭരണസമിതി യോഗത്തിൽ എടുത്ത തീരുമാനപ്രകാരം തയ്യാറാക്കിയ സാമ്പത്തിക ബാധ്യതാ വിശകലനവും സബ് കമ്മിറ്റി സമർപ്പിച്ച ശുപാർശകളും 05.05.2026-ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിൽ പരിഗണിക്കുകയുണ്ടായി. തുടർന്ന്, ബോർഡ് ഉത്തരവ് ബോ.ഉ.(എഫ്.ടി.ഡി) നം. 231/2026 (KSEBL/SEC/PD/341/2024-S7) തിരുവനന്തപുരം, തീയതി 01.06.2026 പ്രകാരം KSEB വെൽഫയർ ഫണ്ടിലേക്കുള്ള ജീവനക്കാരുടെ മാസവരി 500/- രൂപയിൽ നിന്നും 750/- ആയി വർദ്ധനവ് വരുത്തുവാനും KSEB Ltd വിഹിതം 100/- രൂപയിൽ നിന്ന് 150/- രൂപയിലേക്ക് വർദ്ധനവ് വരുത്തുവാനും തീരുമാനമെടുക്കുകയുണ്ടായി.

സബ് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ KSEB Ltd എടുത്ത തീരുമാനങ്ങളും ഭേദഗതികളും ഉൾപ്പെടുത്തി, കെ.എസ്.ഇ.ബി. എംപ്ലോയീസ് വെൽഫെയർ ഫണ്ടിന്റെ മാസവരി, ബോർഡ് വിഹിതം, വിവിധ ആനുകൂല്യങ്ങൾ എന്നിവയുടെ പുതുക്കിയ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | നിലവിലുള്ള നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|---|
| 1 | മാസവരി (ജീവനക്കാരുടെ വിഹിതം) | ₹500/- | ₹750/- |
| 2 | മാസവരി (ബോർഡ് വിഹിതം) | ₹100/- | ₹150/- |
| 3 | വിരമിക്കൽ ആനുകൂല്യം | ₹7,200/- | ₹10,800/- |
| 4 | അപകട മരണാനന്തര ആനുകൂല്യം | ₹12,00,000/- | ₹14,00,000/- |
| 5 | സാധാരണ മരണാനന്തര ആനുകൂല്യം | ₹12,00,000/- | ₹13,00,000/- |
| 6 | ഡിസേബിൾമെന്റ് ബെനഫിറ്റ് (50 വയസ്സിനു താഴെ) | ₹4,00,000/- | ₹5,00,000/- |
| | ഡിസേബിൾമെന്റ് ബെനഫിറ്റ് (50 വയസ്സും അതിനുമുകളിൽ) | ₹3,50,000/- | |

മുകളിൽ പരാമർശിച്ച പുതുക്കിയ നിരക്കുകൾ 01.06.2026 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. അതിനാൽ, 2026 ജൂലൈ മാസത്തിൽ വിതരണം ചെയ്യുന്ന 2026 ജൂൺ മാസ ശമ്പളത്തിൽ നിന്നും ജീവനക്കാരുടെ ക്ഷേമനിധി വിഹിതമായി ₹750/- വീതം ഈടാക്കേണ്ടതാണ്.

തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള ജീവനക്കാരുടെ പ്രതിമാസ വിഹിതം ₹750/- ആയി വർദ്ധനവ് വരുത്തുന്നതിന് HRIS-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ എഞ്ചിനീയർ (IT, CR & CAPS) സ്വീകരിക്കേണ്ടതാണ്.

തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള എല്ലാ ജീവനക്കാർക്കുള്ള KSEB Ltd-ന്റെ പ്രതിമാസ വിഹിതമായ 150/- രൂപ ഓരോ സാമ്പത്തിക വർഷവും ക്ഷേമനിധിയിലേക്ക് സമയബന്ധിതമായി കൈമാറുന്നതിനുള്ള നടപടികൾ ഫിനാൻഷ്യൽ അഡ്വൈസർ സ്വീകരിക്കേണ്ടതാണ്.

സെക്രട്ടറി
**കെ.എസ്.ഇ.ബോർഡ് എംപ്ലോയീസ് വെൽഫയർ ഫണ്ട്**